പഞ്ചായത്തുവകുപ്പിൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലേക്കുള്ള പ്രൊമോഷൻ

107 [1684] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലേക്കുള്ള പ്രൊമോഷന് ഹൈക്കോടതിയുടെ സ്റ്റേ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് വിശദവിവരങ്ങൾ അറിയിക്കുമോ;

(സി) ഹൈക്കോടതി സ്റ്റേ നിലനിൽക്കെ ഈ തസ്തികയിൽ ലിംഗ്വിസ്റ്റിക് മൈനോറിറ്റി എന്നതുപരിഗണിച്ച് പ്രൊമോഷൻ നടത്തിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ ഹൈക്കോടതി വിധി ലംഘിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന വിവരം അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്നവരിൽനിന്ന് ലിംഗ്വിസ്റ്റിക് മൈനോറിറ്റി പരിഗണിച്ച് ആർക്കും പ്രൊമോഷൻ നടത്തിയിട്ടില്ല.

(ഡി) ബാധകമല്ല.

ഡ്രാഫ്റ്റ്സ്മാൻമാരുടെ നിയമനം

108 [1685] ശ്രീ. ഡൊമനിക് പ്രസന്റേഷൻ:
,, പി. ടി. തോമസ്:
,, എൻ. ഡി. അപ്പച്ചൻ:
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ തസ്തികകളിൽ എത്ര സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരെ നിയമിച്ചിട്ടുണ്ട്;

(ബി) ഏതുസാഹചര്യത്തിലാണ് ഇപ്രകാരം ചെയ്തത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly